Page 1 of 1

123. താനൂരിൽ ഒരു മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. താനൂരിൽ സ്ഥാപിക്കുന്ന മാതൃകാ മത്സ്യബന്ധന ഗ്രാമത്തിൽ മത്സ്യാധിഷ്ഠിത ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസം

124. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യ വിഭവ ശേഷിയാണ്. ഈ അമൂല്യ സമ്പത്ത് പരമാവധി പ്രയോജനപ്രദമാകണമെങ്കിൽ ഗണപരമായും വിദ്യാഭ്യാസ നിലവാരം ഉയർന്നേ മതിയാവൂ. അതിനുള്ള പരിപാടികളാണ് ഈ സർക്കാർ ആവിഷ്ക്കരിക്കുന്നത്.

125. എട്ടാം ക്ലാസ് വരെ ഇപ്പോൾ നിലവിലുള്ള ഉച്ചഭക്ഷണ പരിപാടി 9, 10 ക്ലാസുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. ഇതിലേക്കായി 5 കോടി രൂപ മാറ്റി വയ്ക്കുന്നു.

126. സംസ്ഥാനത്തെ സ്കൂളുകളിൽ 6 മുതൽ 14 വയസുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന് തുക മാറ്റിവയ്ക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും വേണ്ട ചെലവ് എസ്.എസ്.എ. യിൽ നിന്നും, മറ്റുള്ള ആൺകുട്ടികൾക്കുള്ള ചെലവ് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

127. വെങ്ങാനൂർ അയ്യൻകാളി സ്മാരക സ്കൂളിന്റെ വികസന പദ്ധതിക്ക് 1 കോടി രൂപ സാമ്പത്തിക സഹായം മാറ്റി വയ്ക്കും.

128. സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കും. ഇതിലേക്കായി 1 കോടി രൂപ വകയിരുത്തുന്നു.

129. കേരളത്തിലെ 14 ഗവൺമെന്റ്/എയ്ഡഡ് അന്ധവിദ്യാലയങ്ങളിലെ കുട്ടികൾക്ക് അവരുടെ പഠനം കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ അന്ധവിദ്യാലയങ്ങൾക്കും ബ്രെയ്‌ലി പ്രിന്റർ നൽകുന്നതാണ്.

ഉന്നത വിദ്യാഭ്യാസം

130. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നീ സമുന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

131. സംസ്ഥാനത്ത് ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും സംസാര ഭാഷാ പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly